പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത                11.07.2016 -ൽ മറുപടിക്ക്

ചോദ്യം നം. 1000

## പുതിയങ്ങാടി ഫിഷിംഗ് ഹാർബർ നിർമ്മാണം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ. റ്റി.വി. രാജേഷ്** | | **ശ്രീമതി. ജെ. മേഴ്സിക്കുട്ടി അമ്മ** (മത്സ്യബന്ധനവും ഹാർബർ എഞ്ചിനിയറിംഗും കാഷ്യു വ്യവസായവും വകുപ്പമന്ത്രി) |
| എ) | കണ്ണൂർ ജില്ലയിലെ പുതിയങ്ങാടിയിൽ, ഫിഷിംഗ് ഹാർബർ നിർമ്മാണവുമായി ബന്ധപ്പെട്ട് ഇതുവരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; | എ) | പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണത്തോടനുബന്ധിച്ചുള്ള അന്വേഷണ ഗവേഷണ പ്രവൃത്തികൾക്ക് 65 ലക്ഷം രൂപയുടെ പുതുക്കിയ ഭരണാനുമതി നൽകിയതനുസരിച്ച് ഹാർബർ എൻജിനീയറിംഗ് വകുപ്പ് ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ ചെയ്യുകയും തുടർന്ന് മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്രസർക്കാർ ഏജൻസിയായ പൂനെയിലെ CWPRS നെ ചുമതലപ്പെടുത്തുകയും ചെയ്തു. |
| ബി) | ഹാർബറിനുവേണ്ട മാതൃകാ പഠനം നടത്തുന്നതിന് കേന്ദ്ര സർക്കാർ ഏജൻസിയായ സി.ഡബ്ല്യു.പി. ആർ.എസ്- നെ ചുമതലപ്പെടുത്തി-യതിനുശേഷം എന്തൊക്കെ പഠന-ങ്ങളാണ് പൂർത്തീകരിച്ചിട്ടുള്ളത് ; | ബി) | മാതൃകാപഠനം നടത്തുന്നതിന് CWPRS നെ ചുമതലപ്പെടുത്തിയതിനുശേഷം ഹാർബറിന്റെ പ്രാഥമിക പഠനത്തിനാവശ്യമായ ടോപ്പോഗ്രാഫിക് ഡാറ്റ, ഹൈഡ്രോ ഗ്രാഫിക് ഡാറ്റ, കറന്റ്മീറ്റർ ഡാറ്റ, ടൈഡൽ ഒബ്സർവേഷൻ, ഷോർ ലൈൻ ഡാറ്റ എന്നിവ CWPRS ന് നൽകിയിട്ടുണ്ട്. |
| സി) | ഇനി ഏതൊക്കെ പഠനങ്ങളാണ് നടത്താൻ ബാക്കിയുള്ളത് ; ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; | സി) | CWPRS ൽ നിന്ന് റിപ്പോർട്ട് ലഭിച്ചതിനുശേഷം ആയതിൻ പ്രകാരം പുലിമുട്ടുകളുടെ അലൈൻമെന്റ് അനുസരിച്ച് കടലിലെ ബോറിംഗ് പ്രവൃത്തി, പദ്ധതിയുടെ പരിസ്ഥിതി ആഘാത പഠനം എന്നിവ നടത്തേണ്ടതുണ്ട്. ടി ഹാർബറിന്റെ അന്വേഷണ ഗവേഷണം, മാതൃകാപഠനം എന്നിവയ്ക്കായി ഇതുവരെ 36,59,604/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| ഡി) | ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എപ്പോഴേക്ക് ആരംഭിക്കാൻ കഴിയും ; | ഡി) | CWPRS ന്റെ മാതൃകാപഠന റിപ്പോർട്ട് ലഭിച്ചതിനുശേഷം കടലിലെ ബോറിംഗ്, അക്രഡിറ്റഡ് ഏജൻസി മുഖേനയുള്ള |

| | | | |
|---|---|---|---|
| | വിശദാംശം നൽകുമോ ? | | പരിസ്ഥിതി പഠനം എന്നിവ നടത്തേണ്ടതുണ്ട്. പത്ത് മാസം നീണ്ടു നിൽക്കുന്ന പരിസ്ഥിതി പഠനത്തിനു ശേഷം പരിസ്ഥിതി ക്ലിയറൻസ് ലഭിക്കുന്ന മുറയ്ക്ക് പദ്ധതി രൂപരേഖ തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതും ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുന്നതുമാണ്. |

സെക്ഷൻ ഓഫീസർ